**5**

# ഗെത്ത്ശെമന

**മത്തായി 26:36-46; മർക്കൊസ് 14:32-42;**
**ലൂക്കൊസ് 22:39-46; യോഹന്നാൻ 18:1**

*"അനന്തരം യേശു ... ഗെത്ത്ശെമന എന്ന തോട്ടത്തിൽ വന്നു ..."*
*(മത്തായി 26:36).*

നമുക്കുവേണ്ടി ക്രൂശിൽ ഒരു യാഗമായി തീരേണ്ടതിന്നുമുൻപു, പ്രാർത്ഥിക്കുവാനായി, യേശു യെരുശലേമിനടുത്തുള്ള ഗെത്ത്ശെമന എന്ന തോട്ടത്തിലേക്കു പോയി. "ഗെത്ത്ശെമന" എന്ന വാക്കിന്റെ അർത്ഥം "എണ്ണ ആട്ടൽ" എന്നാണ്. യേശു യെരുശലേമിലായിരുന്നപ്പോൾ, ഒലിവു മലയുടെ അരികിൽ യെരുശലേമിനെതിരായി ഒരു തോട്ടത്തിലായിരുന്നു, യേശുവിന്റെ "പ്രാർത്ഥനാമുറി" (യോഹന്നാൻ 18:1, 2). തന്റെ ജീവിതത്തിലെ ആ സമയം നീറുന്നതും, വിലയുള്ളതും, പ്രധാനപ്പെട്ടതും, വിലമതിക്കാനാകാത്തതുമാണ്!

*ഒരു പ്രാർത്ഥനാ സമയം!* ഒരു നീണ്ട രാത്രി ആകുവാൻ പോകുന്നു, വെള്ളിയാഴ്ച്ച വേദനയുടെ നീണ്ട പകൽ ആകുവാനും പോകുന്നു. അവൻ അപ്പൊസ്തലന്മാരിൽ എട്ടുപേരെ തോട്ടത്തിന്റെ പടിക്കൽ നിർത്തിയിട്ടു പത്രൊസിനെയും, യാക്കൊബിനെയും, യോഹന്നാനെയും തോട്ടത്തിനകത്തേക്കു കൊണ്ടുപോയി. താൻ തനിച്ചു മാറി പോയപ്പോൾ, ആ മൂന്നു പേരോടും "ഉണർന്നു പ്രാർത്ഥിക്കുവാൻ" പറഞ്ഞിരുന്നു (മത്തായി 26:41; മർക്കൊസ് 14:38).

തന്റെ "നാഴിക" വന്നിരിക്കുന്നു എന്നു യേശു തികച്ചും അറിഞ്ഞിരുന്നു. അവന്റെ ദൃഷ്ടാന്തപരമായ ഈ സമയത്തെ വാക്ക് "പാനപാത്രം" എന്നായിരുന്നു (നോക്കുക മത്തായി 26:39; മർക്കൊസ് 14:36; ലൂക്കൊസ് 22:42). എന്തായിരുന്നു ഈ "പാനപാത്രം"? എല്ലാ നിതൃതയുടെയും യുദ്ധം ദൈവവും സാത്താനുമായുള്ള യുദ്ധമാണ്. വിജയി എല്ലാം എടുക്കും. മനുഷ്യത്വം സന്ദിഗ്ധാവസ്ഥയിലായിരുന്നു. യേശു സാത്താനും പാപത്തിനും മരണത്തിനും, നരകത്തിനും ... എതിരായി തനിയെ പോരാടി! ക്രൂശിൽ വെച്ചു അവൻ നിലവിളിച്ചു പറയുന്നു, "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്ത്?" (മത്തായി 27:46; മർക്കൊസ് 15:34). അവനെ ദൈവം വെറുക്കുന്ന - പാപം ആക്കി.
(2) നിത്യമായ ദൈവകോപം അവന്റെ മേൽ ചുമത്തി. (3) നിത്യത

യിൽ ആ സമയത്തു മാത്രം, ദൈവമായ പിതാവും പുത്രനായ ക്രിസ്തുവും വേർപിരിഞ്ഞു. ഭയാനകമായിരുന്നു! എന്നിരുന്നാലും, ഇതിനപ്പുറം നിന്നു മനുഷ്യരെ രക്ഷിപ്പാൻ യേശു ആഗ്രഹിച്ചില്ല. തന്റെ മനുഷ്യത്വത്തിൽ അവൻ കഠിനൻ ആയിരുന്നില്ല.

തന്നെ ഉടനെ ഒറ്റിക്കൊടുക്കുമെന്നു യേശു പ്രവചിച്ചിരുന്നു. അവൻ എത്രമാത്രം നിരാശനും, വ്യണപ്പെട്ടവനും, ത്യജിക്കപ്പെട്ടവനും ആയിരുന്നിരിക്കണം! യൂദാ അവനെ ഒറ്റിക്കൊടുക്കും; പത്രൊസ് അവനെ തള്ളിപ്പറയും. ക്രൂശോളം പോയതു പന്ത്രണ്ടു അപ്പൊസ്തലന്മാരിൽ ഒരാൾ (യോഹന്നാൻ) മാത്രമാണ്. ദൈവം തിരഞ്ഞെടുത്ത, യിസ്രായേൽ, അവനെ തള്ളിക്കളഞ്ഞതു ഒരു പൊതു കള്ളനും കവർച്ചക്കാരനുമായിരുന്ന (ബറബ്ബാസിനു) വേണ്ടിയായിരുന്നു.

ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പ്രബലമായിരുന്നതു പ്രാർത്ഥനയായിരുന്നു. യേശുവിനു പ്രാർത്ഥന ആവശ്യമായിരുന്നു എങ്കിൽ, നമുക്കു എത്രമാത്രം ആവശ്യമാണ്? അവൻ തന്നോടുകൂടെ ഉണർന്നിരിപ്പാൻ പത്രൊസിനെയും, യാക്കൊബിനെയും യോഹന്നാനെയും വേറിട്ടു കൊണ്ടുപോയി – പക്ഷെ അവർ ഉറങ്ങിപ്പോയി. അവൻ മുട്ടുകുത്തി കുനിഞ്ഞു. അവൻ പ്രാർത്ഥിച്ചപ്പോൾ, അവന്റെ ദൈവത്തോടുള്ള യാചന കൂടുതൽ കൂടുതൽ തീവ്രമായി.

ദൈവം എല്ലാ ആഗ്രഹങ്ങളും നിറവേറ്റും എന്നതിന്റെ ഉറപ്പല്ല പ്രാർത്ഥന. നമ്മുടെ പ്രാർത്ഥനകൾ എപ്പോഴും ദൈവേഷ്ടത്തിനു കീഴ്പ്പെട്ടുകൊണ്ടായിരിക്കണം. ദൈവത്തെ അസാദ്ധ്യമായതിന്റെ ദൈവമാണെന്നു യേശു ഓർമ്മപ്പെടുത്തി.

നിത്യമായ തീരുമാനങ്ങൾ നമുക്കു പ്രാർത്ഥനയിൽ മാത്രമെ എടുക്കുവാൻ കഴിയൂ. പ്രാർത്ഥന ഉറപ്പിക്കുന്നതുവരെ മറ്റൊന്നിനും അത് ഉറപ്പിക്കുവാൻ സാധ്യമല്ല. തന്റെ ഹൃദയത്തെ ദൈവം ആവശ്യപ്പെട്ട യാഗത്തിന് സമർപ്പിക്കേണ്ടതിന് യേശു പ്രാർത്ഥനയിൽ പോരാടുകയായിരുന്നു. അവന്റെ അപ്പോഴത്തെ പ്രാർത്ഥന മറ്റു പ്രാർത്ഥനകളേക്കാൾ പ്രയാസം ഉള്ളതായിരുന്നു. അതു ക്രിസ്തുവിന്റെ ജീവിതത്തിലെ “അതിവിശുദ്ധ” മായ ഒന്നായിരുന്നു. ഈ പ്രാർത്ഥനയിലൂടെ അവൻ അവന്റെ അവസാന ഉപദേശവും നല്കുന്നുണ്ട്.

യേശുവിന്റെ ആ പ്രാർത്ഥനക്കു ദൈവം ഉടനെ മറുപടി നല്കി. അവനെ ശക്തിപ്പെടുത്തുവാൻ ഒരു ദൂതൻ വന്നു (ലൂക്കൊസ് 22:43). ഒരു ദൂതനോ? *ഒന്നോ?* ദൈവം ശൂന്യമായ കല്ലറക്കരികിൽ നിന്ന മഗ്ദലക്കാരത്തി മറിയക്കും മറ്റു സ്ത്രീകൾക്കും രണ്ടു ദൂതന്മാരെ അയച്ചു (ലൂക്കൊസ് 24:1–10; യോഹന്നാൻ 20:11, 12). യേശുവിനു വേണമെങ്കിൽ പന്ത്രണ്ടു ലെഗ്യോനിലധികം ദൂതന്മാരെ വിളിക്കാമായിരുന്നു (മത്തായി 26:53), എന്നാൽ അവന്നു ലഭിച്ചതു *ഒന്നോ?* മനുഷ്യന്റെ ഉത്തരവാദിത്വത്തിനു ഒരു അമാനുഷമായ അത്ഭുതം പകരം ആകുകയില്ല. “... ആത്മാവു ഒരുക്കമുള്ളത്, ജഡം ബലഹീനമത്രെ” (മത്തായി 26:41; മർക്കൊസ് 14:38) എന്നത് യേശുവിനേക്കാൾ കൂടുതൽ ആർക്കും അറിയില്ല. മനുഷ്യരിൽ മാത്രമാണ് പാപി രക്ഷപ്പെടുന്നത്. ഒരു മനുഷ്യനും കഴിയാത്തതാണ്, യേശു, ഒരു മനുഷ്യനായി ചെയ്തതു: “ക്രിസ്തു

തന്റെ ഐഹിക ജീവകാലത്തു തന്നേ, മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു, ഉറെച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ, അപേക്ഷയും അഭയയാചനയും കഴിക്കയും ഭയ ഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു" (എബ്രായർ 5:7).

ക്രൂശിനുപോലും ഗെത്ത്ശെമനയെപ്പറ്റി വ്യാകുലതയില്ലായിരുന്നു. തിരുവെഴുത്തിൽ യേശു ദൈവത്തെ "അബ്ബാ" എന്നു വിളിച്ചത് (അരാമിക് ഭാഷയിൽ "അപ്പൻ" എന്നതുപോലെ) ആ തോട്ടത്തിൽ വച്ചു മാത്രമായിരുന്നു (മർക്കൊസ് 14:36). യേശു ഗെത്ത്ശെമനയിൽ ഒളിക്കുകയോ, ഓടുകയോ, എതിർക്കുകയോ ചെയ്യാതെ ... അവൻ പ്രാർത്ഥിച്ചു.

*ഒരു തീരുമാനം എടുക്കേണ്ട സമയം!* വിമർശകർ യേശുവിനു ധൈര്യക്കുറവായിരുന്നു - ഒരുപക്ഷെ ഭീരുവായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. എന്നാൽ അതു യേശു എന്തെല്ലാമാ*യിരുന്നു* അതിനെല്ലാം എതിരാകും! യേശു ഭീരുവായിരുന്നില്ല. അവൻ മരണത്തെയോ, വേദനയെയോ, ക്രൂശിനെയോ ഭയന്നില്ല. ക്രൂശിനെ മാറ്റുവാൻ അവൻ ദൈവത്തോടു ആവശ്യപ്പെട്ടില്ല. ആ ക്രൂശ് ദൈവത്തിന്റെ നിത്യമായ ഉദ്ദേശം ആയിരുന്നു. അവൻ ദൈവപുത്രനായി, നമ്മുടെ പാപപരിഹാരത്തിനുള്ള അന്ത്യയാഗമായി തീരുവാൻ മനസ്സുള്ളവനായിരുന്നു; എങ്കിലും, ഒരു മനുഷ്യനായി, അവൻ മറ്റൊരു വഴിക്കു നോക്കി. അതു ക്രൂശിന്റെ രഹസ്യ ഭാഗമായിരുന്നു.

ദൈവേഷ്ടത്തിനു കീഴ്പ്പെടുവാനുള്ള യേശുവിന്റെ പോരാട്ടത്തിൽ ഗൊൽഗൊഥയിൽ എത്തുന്നതിനുമുൻപു, ഗെത്ത്ശെമനയിൽ വെച്ചു യേശു വിജയിച്ചു.[1] ആ തോട്ടത്തിൽ ദൈവം പറഞ്ഞു ഇല്ല എന്നും യേശു ശരി എന്നും പറഞ്ഞു. പാപം ശിക്ഷക്കു യോഗ്യമാണെന്ന ദൈവികാഭിപ്രായത്തെ യേശു സ്വീകരിച്ചു. "സകലവും തികഞ്ഞിരിക്കുന്നു!" എന്നു ക്രൂശിൽ വെച്ചു അവൻ പറഞ്ഞു, എന്നാൽ ദൈവപദ്ധതിക്കു അവൻ തന്നെത്താൻ കീഴ്പ്പെടുത്തിയ തീരുമാനം ഗെത്ത്ശെമനയിൽ വെച്ചായിരുന്നു എടുത്തത്. യേശു ആത്മാവിനെ കൊടുത്തത് തോട്ടത്തിൽ വെച്ചും ശരീരത്തെ ക്രൂശിൽ വെച്ചും ആയിരുന്നു.

കായിക മത്സരങ്ങളിൽ ജയിക്കുന്നതിനു ഒരുക്കവും, തീരുമാനവും, സമർപ്പണവും ആവശ്യമാണ്. യേശു ഗെത്ത്ശെമനയിലെ യുദ്ധം ജയിച്ചു. *വലിയ തീരുമാനം ക്രൂശിനു മുമ്പു എടുക്കുക. നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു എന്ന തീരുമാനം എടുക്കുവാൻ ക്രൂശിൽ എത്തുന്നതുവരെ കാത്തിരിക്കരുത്.*

*വേദനയുടെ സമയം!* കാൽവരിയിലേതിനേക്കാൾ കൂടുതൽ വേദന ഗെത്ത്ശെമനയിലായിരുന്നു. യേശു അന്നു അനുഭവിച്ച കഷ്ടത മറ്റൊരു മനുഷ്യനും നേരിട്ടിട്ടില്ല. ക്രൂശിലേതിനേക്കാൾ കഷ്ടതയായിരുന്നു യേശുവിനു ഗെത്ത്ശെമനയിൽ നേരിട്ടത് എന്നാണ് തിരുവെഴുത്തുകൾ പറയുന്നത്.

കഠിനമായ വ്യഥയിൽ, "വിയർപ്പു രക്തത്തുള്ളികളായി തീർന്നു" (ലൂക്കൊസ് 22:44). അവൻ മരണവേദനയിലായി. അവന്റെ വിയർപ്പു രക്തത്തുള്ളികൾ പോലെ *ആയി.* അതൊരു അപൂർവ്വ പ്രതിഭാസം

ആയിരുന്നു (ഹെമാറ്റിഡ്രോസിസ് അല്ലെങ്കിൽ ഹിമോഹൈഡ്രോസിസ്). ഈ വിധത്തിൽ അവൻ പ്രാർത്ഥിച്ചതു ഒരു പ്രാവശ്യം ആയിരുന്നില്ല, മൂന്നു പ്രാവശ്യം! അവൻ പ്രാർത്ഥിച്ചു, "ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ." അവന്റെ വിമർശകർ പറഞ്ഞതു ശരിയായിരുന്നു: "അവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ രക്ഷിപ്പാൻ കഴിഞ്ഞില്ല" (മത്തായി 27:42; മർക്കൊസ് 15:31; നോക്കുക ലൂക്കൊസ് 23:35). ദൈവം യേശുവിന്റെ പ്രാർത്ഥനക്കു മറുപടി നല്കി! അവൻ യേശുവിനോട് ദയകാണിച്ചില്ല, എന്നാൽ അവൻ നമ്മെ രക്ഷിച്ചു! അവൻ തന്നെത്താൻ രക്ഷിക്കാതിരുന്നതിനാൽ അവനു ഇന്നും നമ്മുടെ രക്ഷകൻ ആയിരിപ്പാൻ കഴിയുന്നു. *ക്രൂശ് അല്ലാതെ മറ്റൊരു വഴിയുമില്ലായിരുന്നു!*

ദൈവം - കൈവിട്ട ഈ പുത്രനാണ് ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു. ക്രൂശിൽ യേശു സഹിച്ച വേദന കുറച്ചു കാണരുത്. അതു ഭയങ്കരമായിരുന്നു! എങ്ങനെയായാലും, ബൈബിളിൽ മിതമായി അവൻ കഷ്ടതയേറ്റു എന്നാണ് പറഞ്ഞിരിക്കുന്നത്. ക്രൂശിൽ അവന്റെ "വിയർപ്പു രക്തമായി" മാറിയില്ല. ഗെത്ത്ശെമനയിൽ അങ്ങനെ സംഭവിച്ചിരുന്നു. തോട്ടത്തിൽ അവനെ ശക്തീകരിക്കുവാൻ ദൈവം ഒരു ദൂതനെ അയച്ചിരുന്നു (ലൂക്കൊസ് 22:43). ക്രൂശിൽ ഒരു ദൂതനെയും ദൈവം അയച്ചിരുന്നില്ല.

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]ഗൊൽഗോഥാ (നോക്കുക യോഹന്നാൻ 19:17) എന്നതിനെ "കാൽവരി" എന്നും വിളിച്ചിരിക്കുന്നു (ലൂക്കൊസ് 23:33; കെജെവി), ലാറ്റിൻ വാക്കിൽ നിന്നാണ് (*കാൽവരിയ*) അർത്ഥം "തലയോട്."

© 2009 Truth for Today